(എഫ്) കഴിഞ്ഞ വർഷം എം.ഫാം കോഴ്സിനുള്ള പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചശേഷം എത്രമാസം കഴിഞ്ഞാണ് കോഴ്സ് ആരംഭിച്ചത് ;

(ജി) ഈ വർഷം എം.ഫാം കോഴ്സിനുള്ള അപേക്ഷ സ്വീകരിച്ച അവസാന തീയതി എന്നായിരുന്നു ; അഡ്മിഷൻ എന്നത്തേയ്ക്ക് തുടങ്ങാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത് ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമാണ് എം.ഫാം. കോഴ്സ് നിലവിലുള്ളത്. ഓരോ വിഷയത്തിലും താഴെപ്പറയും പ്രകാരം സീറ്റുകൾ ഉണ്ട്.

1.	ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി	2
2.	ഫാർമസ്യൂട്ടിക്കൽ ടെക്നോളജി	2
3.	ഫാർമകോഗ്നോസി ആന്റ് ഫൈറ്റോകെമിസ്ട്രി	2
4.	ഫാർമക്കോളജി	2

(ബി) മെഡിസിനൽ കെമിസ്ട്രി, ഫാർമസി പ്രാക്ടീസ് എന്നീ വിഷയങ്ങളിൽ എം.ഫാം. കോഴ്സുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിലുള്ള എം.ഫാം കോഴ്സുകൾക്ക് ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

(എഫ്) പ്രോസ്പെക്ടസ് പ്രസിദ്ധീകരിയ്ക്കാറില്ല. അപേക്ഷയോടൊപ്പം അപേക്ഷകർക്ക് ലഭ്യമാക്കാറാണ് ചെയ്യുന്നത്.

(ജി) ഈ വർഷം എം. ഫാം. കോഴ്സിനുള്ള അപേക്ഷ സ്വീകരിച്ച അവസാന തീയതി 17-1-01 ആയിരുന്നു. റാങ്ക്ലിസ്റ്റ് എൻട്രൻസ് കമ്മീഷണറിൽ നിന്ന് ലഭിച്ചാലുടൻ തന്നെ അഡ്മിഷൻ നടത്തുന്നതാണ്.

സ്വകാര്യ ഫാർമസി കോളേജുകളിലെ പ്രവേശന മാനദണ്ഡങ്ങൾ

202 (1137) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത ഫാർമസി ഡിപ്ലോമ കോളേജുകൾ ഉണ്ട് ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ഫാർമസി കോളേജുകൾ സർക്കാർ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട് ;

(സി) സ്വകാര്യ ഫാർമസി കോളേജുകളിലെ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുന്നതും പരീക്ഷകൾ നടത്തുന്നതും ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകുന്നതും ആരാണ് ;

(ഡി) സ്വകാര്യ ഫാർമസി കോളേജുകളിൽ ഫ്രീ സീറ്റുകളിലേയ്ക്കും പേമെന്റ് സീറ്റിലേയ്ക്കും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഡി.ഫാം. കോഴ്സിന്റെ ഭാഗമായിട്ടുള്ള 500 മണിക്കൂർ പ്രയോഗിക ട്രെയിനിംഗിനുവേണ്ടി എന്തെല്ലാം ക്രമീകരണമാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് ;

(എഫ്) ഡി.ഫാം. വിദ്യാർത്ഥികൾക്ക് പ്രാക്ടിക്കൽ ട്രെയിനിംഗ് നൽകുന്നത് സംബന്ധിച്ച് 1995 ജനുവരിയിൽ ആരോഗ്യവകുപ്പ് സെക്രട്ടറി ഇറക്കിയ ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്റ്റേ ചെയ്തിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ;

(ജി) 2001 ജനുവരിക്കുശേഷം തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിലും എസ്.എ.ടി. ആശുപത്രിയിലും എത്ര വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് അനുമതി നല്കി ;

(എച്ച്) ഏതെല്ലാം ഫാർമസി കോളേജിൽ നിന്ന് എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 20 എണ്ണം. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 5 എണ്ണം.

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറാണ് അഡ്മിഷൻ നടത്തുന്നത്. മൈനോറിറ്റി വിഭാഗങ്ങൾ നടത്തുന്ന ഫാർമസി കോളേജുകളിൽ 50 ശതമാനം സീറ്റുകളിലേക്ക് അഡ്മിഷൻ നടത്തുന്നത് കോളേജ് മാനേജ്മെന്റാണ്. പ്രസ്തുത കോഴ്സിന്റെ പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും ഡി.ഫാം. ബോർഡ് ഓഫ് എക്സാമിനേഷനാണ്.

(ഡി) അടിസ്ഥാന യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് ഫ്രീ സീറ്റിലേക്കും പേമെന്റ് സീറ്റിലേക്കും പ്രവേശനം നൽകുന്നത്.

(ഇ) ഡി.ഫാം കോഴ്സിന്റെ ഭാഗമായിട്ടുള്ള പ്രായോഗിക ട്രെയിനിംഗിന് 21-5-95-ലെ സർക്കാർ ഉത്തരവ് 18/95/ആ.കു.വ പ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

† അനുബന്ധം - XXVIII

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല.

(ജി) 2001 ജനുവരിക്കുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചില സാങ്കേതിക കാരണങ്ങളാൽ ആർക്കും ട്രെയിനിംഗിന് അനുമതി നൽകിയിട്ടില്ല. എസ്.എ.ടി. ആശുപത്രിയിൽ 11 വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് അനുവദിച്ചിരുന്നു. അതിൽ 10 പേർ ജോയിൻ ചെയ്തിട്ടുണ്ട്.

(എച്ച്) കൊല്ലം ഫാത്തിമാ കോളേജ് ഓഫ് ഫാർമസിയിൽ നിന്നും 9 പേർക്കും ചാലക്കുഴി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്സിൽ നിന്നും ഒരു വിദ്യാർത്ഥിക്കും അഡ്മിഷൻ നൽകിയിട്ടുണ്ട്.

സൂപ്പർ സ്പെഷ്യാലിറ്റിയിൽ ഡി.എം./എം.സി.എച്ച്.കോഴ്സുകൾ ആരംഭിക്കാൻ നടപടി

203 (1138) ശ്രീ.എം.ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ക്യാൻസർ ചികിത്സായിൽ സ്പെഷ്യാലിറ്റി ഡിഗ്രിയുള്ള എത്ര ഡോക്ടർമാർ ഉണ്ട് ;

(ബി) മെഡിക്കൽ കോളേജിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശ പ്രകാരം ഡി.എം.യോഗ്യതയുള്ള എത്ര മെഡിക്കൽ ഓങ്കോളജിസ്റ്റുകൾ ജോലി ചെയ്യുന്നുണ്ട് ; ഇവരിൽ പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ ലക്ചറർ എന്നിവർ എത്ര വീതമുണ്ടെന്ന് വിശദമാക്കാമോ ;

(സി) സർജിക്കൽ ഓങ്കോളജിയിൽ എം. സി. എച്ച്. യോഗ്യതയുള്ള എത്ര സർജിക്കൽ ഓങ്കോളജിസ്റ്റുകളുണ്ട് ; ഇവരിൽ എത്ര പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ ഉണ്ടെന്ന് വിശദമാക്കാമോ ;

(ഡി) റേഡിയോ ഓങ്കോളജിയിൽ ഡി.എം./എം.ഡി. യോഗ്യതയുള്ള പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ എന്നിവർ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കാമോ

(ഇ) ശ്രീചിത്ര മെഡിക്കൽ സെന്ററിൽ ഉള്ളതുപോലെ എന്തുകൊണ്ടാണ് റീജിയണൽ ക്യാൻസർ സെന്ററിലും സുപ്പർ സ്പെഷ്യാലിറ്റിയിൽ ഡി.എം./എ. സി.എച്ച്. കോഴ്സുകൾ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 29 പേർ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXVIII

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 202 (1137) -ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാനത്തെ അംഗീകൃത ഫാർമസി കോളേജുകൾ

1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. മെഡിക്കൽ കോളേജ്, ആലപ്പുഴ
3. മെഡിക്കൽ കോളേജ്, കോട്ടയം
4. മെഡിക്കൽ കോളേജ്, കോഴിക്കോട്
5. പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്, തിരുവനന്തപുരം
6. ജോൺ ഈനോക്ക് ഫാർമസി കോളേജ്, കരമന, തിരുവനന്തപുരം
7. അയിഷ മജീദ് ഫാർമസി കോളേജ്, കരുനാഗപ്പള്ളി
8. ഫാത്തിമ കോളേജ് ഓഫ് ഫാർമസി, കൊല്ലം
9. മാലിക് ദീനാർ ഫാർമസികോളേജ്, കാസർഗോഡ്
10. എ. ജെ. കോളേജ് ഓഫ് ഫാർമസി, തോന്നയ്ക്കൽ, തിരുവനന്തപുരം
11. ജെ. ഡി. ടി. ഇസ്ലാം കോളേജ്, കോഴിക്കോട്
12. കാരിത്താസ് കോളേജ് ഓഫ് ഫാർമസി, കോട്ടയം
13. ലിസി കോളേജ് ഓഫ് ഫാർമസി, എറണാകുളം
14. അമൃത കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, കലൂർ, എറണാകുളം
15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, ചാലക്കുഴി, തിരുവനന്തപുരം
16. നാഷണൽ കോളേജ് ഓഫ് ഫാർമസി, കോഴിക്കോട്
17. ശ്രീവിദ്യാധിരാജാ ഫാർമസി കോളേജ്, നേമം തിരുവനന്തപുരം
18. പുഷ്പഗിരി കോളേജ് ഓഫ് ഫാർമസി, തിരുവല്ല
19. ക്രസന്റ് കോളേജ് ഓഫ് ഫാർമസി, കണ്ണൂർ
20. ജാമിയ സലാഹിയ ഫാർമസി കോളേജ്, പുളിക്കൽ

LIBRARY ARCHIVES Kerala Legislative Assembly